# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/252/2017 2017 നവംബർ 29

## പത്രക്കുറിപ്പ്

**എം.ജി.യിൽ യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം**
**(ദയവായി എല്ലാ എഡിഷനുകളിലും)**

മഹാത്മാഗാന്ധി സർവ്വകലാശാല 2017-18 അദ്ധ്യയനവർഷത്തിൽ ബി.എ./ബി.കോം/എം.എ./എം.കോം/എം.എസ്.സി. (മാത്സ്) കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി കോഴ്സുകളിൽ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, ഹിന്ദി, അറബിക്, കൊമേഴ്സ് വിഷയങ്ങൾക്കും പി.ജി. കോഴ്സുകളിൽ എം.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം, ഹിസ്റ്ററി, ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്.സി. മാത്തമാറ്റിക്സ്, എംകോം കോഴ്സുകൾക്കുമാണ് പ്രൈവറ്റ് രജിസ്ട്രേഷൻ. ബിരുദ-ബിരുദാനന്തര കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിലായിരിക്കും. പരീക്ഷകൾ ഓരോ വർഷത്തിലും നടത്തുന്നതായിരിക്കും.

ഡിഗ്രി കോഴ്സുകളിൽ ബി.എ./ബി.കോം (ഫുൾ കോഴ്സ്), ബി.എ./ബി.കോം (പ്രൊഫഷണൽ ബിരുദധാരികൾക്ക്), ബി.കോം ബിരുദധാരികൾക്കുള്ള ബി.എ. കോഴ്സുകൾ എന്നിവയ്ക്ക് സി.ബി.സി.എസ്.-2017 (മോഡൽ 1) സ്കീമിലായിരിക്കും രജിസ്ട്രേഷൻ അനുവദിക്കുക. ഫുൾ കോഴ്സുകൾ ഒഴികെയുള്ള ബിരുദ കോഴ്സുകളിൽ രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററുകളിലേക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷനു പുറമെ ബി.കോം അഡീഷണൽ ഓപ്ഷണൽ/ഇലക്റ്റീവ്, സെക്കന്റ് ലാംഗ്വേജ് (കോമൺ കോഴ്സ്-II) മാറ്റം, അഡീഷണൽ ഡിഗ്രി, ഓപ്ഷണൽ/ഫാക്കൽറ്റി മാറ്റം, കോമൺ കോഴ്സ് I&II എന്നീ വിഭാഗങ്ങളിലും വ്യവസ്ഥകൾക്ക് വിധേയമായി രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. ഒന്നും രണ്ടും സെമസ്റ്റർ ഡിഗ്രി & പി.ജി. ഫുൾ കോഴ്സ് രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

ഓൺലൈനായി അപേക്ഷിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് അനുബന്ധരേഖകൾക്കൊപ്പം സർവ്വകലാശാലയിലേക്ക് അയയ്ക്കേണ്ടതാണ്. ഫുൾ കോഴ്സ് ഒഴികെയുള്ള വിഭാഗങ്ങളിൽ രജിസ്ട്രേഷന് അപേക്ഷിക്കുന്നവർ സർവ്വകലാശാലാ വെബ്സൈറ്റിൽ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അപേക്ഷിക്കണം. ഫീസിനൊപ്പം അപേക്ഷാഫോറങ്ങളുടെ ഫീസും അടയ്ക്കണം.

**ഫീസ് അടയ്ക്കുന്നവിധം:**

ഓൺലൈൻ രജിസ്ട്രേഷൻ കോഴ്സുകൾക്കുള്ള എല്ലാ ഫീസുകളും രജിസ്ട്രേഷൻ നടത്തുന്നതിനൊപ്പം ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലിലൂടെ മാത്രം അടയ്ക്കേണ്ടതാണ്. ഫുൾ കോഴ്സുകൾ ഒഴികെയുള്ള യു.ജി./പി.ജി. കോഴ്സുകളുടെ രജിസ്ട്രേഷന് വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോമുകൾ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചതിനുശേഷം എം.ജി.യു. ഇ-പേയ്മെന്റ് പോർട്ടൽ (epay.mgu.ac.in) വഴി ഫീസ് അടയ്ക്കേണ്ടതാണ്. ഫീസ് അടയ്ക്കുമ്പോൾ ലഭിക്കുന്ന 'ഇ-രസീത്' അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതാണ്. അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിലെ നോട്ടിഫിക്കേഷനിൽ ലഭ്യമാണ്. അപേക്ഷയുടെ പ്രിന്റിനൊപ്പം യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ്, ടി.സി. (ഒറിജിനൽ), മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (മറ്റ് ബോർഡ്/യൂണിവേഴ്സിറ്റികളിൽ പഠനം നടത്തിയവർ), എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, റെകഗ്നീഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (എൻ.ഐ.ഒ.എസ്/മറ്റ് സംസ്ഥാന ബോർഡിൽ/യൂണിവേഴ്സിറ്റിയിൽ പഠനം നടത്തിയവർ) എസ്.എസ്.എൽ.സി./പത്താംക്ലാസ് സർട്ടിഫിക്കറ്റിന്റെ ഒരു സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി, സ്വന്തം വിലാസമെഴുതിയ 52 രൂപ സ്റ്റാമ്പ് ഒട്ടിച്ച 353 മി.മീ. x 250 മി.മീ. സൈസ് കവർ എന്നിവകൂടി സമർപ്പിക്കണം.

അപേക്ഷകളും അനുബന്ധ രേഖകളും ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാലാ, പി.ഡി. ഹിൽസ് പി.ഒ. കോട്ടയം - 686560 എന്ന വി

ലാസത്തിൽ രജിസ്ട്രേഡ് തപാലിൽ അയയ്ക്കണം.

പി.ജി. കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷന് 2017 ഏപ്രിൽ/മെയ് സെഷനിലോ അതിനുമുമ്പോ, ഡിഗ്രി കോഴ്സുകളടെ പ്രൈവറ്റ് രജിസ്ട്രേഷന് 2017 ജൂലൈ സെഷനിലോ അതിനു മുമ്പോ യോഗ്യതാ പരീക്ഷ പാസായവർക്ക് മാത്രമേ ഈ അക്കാദമിക വർഷം അപേക്ഷിക്കാനാകൂ. www.mgu.ac.in എന്ന വെബ്സൈറ്റിൽ അഡ്മിഷൻ 2017 എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ ഓൺലൈൻ രജിസ്ട്രേഷനുള്ള ലിങ്ക് ലഭിക്കും. പ്രൈവറ്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം – 686560 എന്ന വിലാസത്തിൽ മാത്രമായിരിക്കണം. വിശദമായ വിവരങ്ങൾക്ക് www.mgu.ac.in വെബ്സൈറ്റ് സന്ദർശിക്കുക.

അപേക്ഷകൾ പിഴ കൂടാതെ 2017 ഡിസംബർ 31 വരെയും 1000 രൂപ പിഴയോടെ 2018 ജനുവരി 15 വരെയും 2000 രൂപ പിഴയോടെ 31 വരെയും സ്വീകരിക്കും. അപേക്ഷകളിലെ വിവരങ്ങൾ തിരുത്തുവാൻ ആഗ്രഹിക്കുന്നവർ അതിനുള്ള അപേക്ഷകൾ ആദ്യം സമർപ്പിച്ചിട്ടുള്ള അപേക്ഷാ പ്രിന്റൗട്ടിന്റെ കോപ്പിയും കറക്ഷൻ ഫീസ് 500 രൂപയുടെ എം.ജി.യു. ഇ-പേയ്മെന്റ് രസീതും സഹിതം 2018 ഫെബ്രുവരി 1 മുതൽ 28 വരെ സർവ്വകലാശാലാ പ്രൈവറ്റ് രജിസ്ട്രേഷൻ സെക്ഷനിൽ നേരിട്ടോ തപാൽ വഴിയോ സ്വീകരിക്കും. പിന്നീട് തിരുത്തലുകൾ അനുവദിക്കുന്നതല്ല.

അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള വെബ് ലിങ്ക് ഡിസംബർ 1 മുതൽ പ്രവർത്തനക്ഷമമായിരിക്കും.

**<u>ഇന്റർഫെയ്സ് 2017</u>**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെയും, കമ്പ്യൂട്ടർ സയൻസസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന ദ്വിദിന ടെക്നിക്കൽ മീറ്റ് – ഇന്റർഫെയ്സ് 2017 ഡിസംബർ 8ന് രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. തുടർന്ന് Conceptualizing IoT എന്ന വിഷയത്തിൽ പ്രഭാഷണം ഉണ്ടായിരിക്കും. പേപ്പർ പ്രസന്റേഷൻ, കോഡിംഗ്, വെബ് ഡിസൈനിംഗ്, ഐ.ടി. ക്വിസ്, സെന്റിയന്റെ തുടങ്ങിയ മത്സരങ്ങളും നടത്തും. കമ്പ്യൂട്ടർ സയൻസിലെ പി.ജി. തല (എം.സി.എ., എം.എസ്.സി., എം.ടെക്) വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. യു.ജി. വിദ്യാർത്ഥികൾക്കും അവസരം നൽകുന്നതാണ്. ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 3. വെബ്സൈറ്റ് www.i-face.cssasocs.org ഫോൺ: 9995590370.

**<u>പ്രാക്ടിക്കൽ</u>**

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം (ട്രിപ്പിൾ മെയിൻ) (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 7, 8 തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽവച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. കുട്ടിക്കാനം മരിയൻ കോളേജിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾ കോട്ടയം ബി.സി.എം. കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

2017 ഒക്ടോബറിൽ നടന്ന അഞ്ചും മൂന്നും സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. –റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 18 മുതൽ 22 വരെ അതാത് കോളേജുകളിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പരീക്ഷാഫലം</u>**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ എം.സി.എ. ഓഫ് കാമ്പസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. നിർമ്മല ഓഫ് കാമ്പസ് സെന്ററിലെ സുവർണ സാഗർ കെ., ജിനു ടി.ജെ., റോസ്മി റോയ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ്. (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

## സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

**<u>1. എം.ജി.യിൽ സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലനത്തിന് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് 2018 ജനുവരിയിൽ ആരംഭിക്കുന്നതിന് ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം

തീരുമാനിച്ചു. നടപ്പുസാമ്പത്തിക വർഷത്തിലെ സർവ്വകലാശാലാ ബജറ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനം. രാജ്യത്തെ പ്രമുഖരായ സിവിൽ സർവ്വീസ് പരിശീലകരെയും റാങ്കുജേതാക്കളെയും പരിശീലനത്തിനായി നിയോഗിക്കും. അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും പൂർവ്വവിദ്യാർത്ഥികൾക്കും കുറഞ്ഞ ചെലവിൽ പരിശീലനത്തിന് അവസരമുണ്ടായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിദ്യാർത്ഥികൾക്ക് ഫീസിളവും ലഭ്യമാകും. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വകലാശാലാ അധികാരികളുടെ ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**2. ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കും**

സർവ്വകലാശാലാ കാമ്പസിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തു. തുടർനടപടികൾക്കായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റിന്റെ പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ് ഉപസമിതി കൺവീനറായ ഡോ. കെ. കൃഷ്ണദാസിന്റെ നേതൃത്വത്തിൽ സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. കെ. ഷെറഫുദ്ദീൻ എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**3. മാല്യങ്കര എസ്.എൻ.എം. കോളേജ് പ്രിൻസിപ്പലിന് പിഴ ചുമത്തും**

മതിയായ യോഗ്യതകൾ ഉണ്ടായിരുന്ന വിദ്യാർത്ഥിയെ പരീക്ഷയെഴുതാൻ അനുവദിക്കാതിരുന്ന മാല്യങ്കര എസ്.എൻ.എം. കോളേജ് പ്രിൻസിപ്പലിന് 50000 രൂപ പിഴ ചുമത്താനും അച്ചടക്കനടപടികൾ സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകാനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**